**വിക്ടേർസ് ചാനലിൽ വന്ന മലയാളം ക്ലാസുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**09-10-2020**

**കേരള പാഠാവലി- X**

**പാവങ്ങൾ -05**

▶ മെത്രാൻ എന്ന കഥാപാത്രത്തെ കുറിച്ച് മുൻ ക്ലാസിൽ ചർച്ച ചെയ്ത കാര്യങ്ങൾ ക്രോഡീകരിച്ച് പറഞ്ഞു.

✝ സ്നേഹം, കാരുണ്യം, കരുതൽ എന്നിവയുടെ ആൾരൂപമായിട്ടാണ് പാവങ്ങളിൽ മെത്രാനെ ചിത്രീകരിച്ചിരിക്കുന്നത്.

▶ പാവങ്ങൾ എന്ന നോവലിന്റെ മഹത്വത്തിന് തെളിവായി ചില കാരണങ്ങൾ വ്യക്തമാക്കി.

■ ലോകത്ത് ഏറ്റവും കൂടുതൽ പരിഭാഷ ഉണ്ടായ നോവൽ

■ ഏറ്റവും കൂടുതൽ ആളുകൾ വായിച്ചതും വായിച്ച് കൊണ്ടിരിക്കുന്നതുമായ നോവൽ

■ ലിയോ ടോൾസ്റ്റോയി ലോകത്തെ ഉൽകൃഷ്ടമായ അഞ്ച് കൃതികൾ തിരഞ്ഞെടുത്തപ്പോൾ അതിൽ ഒന്നാം സ്ഥാനം നൽകിയ കൃതി.

▶ വിശ്വാസാഹിത്യത്തിലെ മഹാത്ഭുതമായ ഈ രചനയെ കുറിച്ച് പ്രമുഖരായ ആളുകൾ പറഞ്ഞ അഭിപ്രായങ്ങൾ പങ്കു വെക്കുകയും അവ വിശദീകരിക്കുകയും ചെയ്തു.

- മരിയോ വർഗാസ് ലോസ - നൊബൈൽ സമ്മാന ജേതാവ്

- പാവങ്ങളിൽ നിറഞ്ഞൊഴുകുന്ന മനുഷ്യ സ്നേഹവും നീതി ബോധവും കാരുണ്യവും അതിന്റെ രചനാപരമായ എല്ലാ പോരായ്മകളെയും മറികടക്കുന്നു. അത് പാവങ്ങളെ എക്കാലത്തെയും മഹത്തായ നോവലാക്കി മാറ്റുന്നു. ഇന്നും ഫ്രാൻസിൽ ഴാങ് വാൽ ഴാങ്ങിനെയും കൊസത്തിനെയും മരിയൂസിനെയും അറിയാത്ത ഒരു കുട്ടി പോലും ഉണ്ടാവുകയില്ല.

■ മെത്രാനിൽ മാത്രമല്ല ഴാങ് വാൽ ഴാങ്ങിന്റെ പ്രവൃത്തികളിലും സ്നേഹവും കാരുണ്യവും നീതിബോധവും പ്രകടമാകുന്നു.

■ മെത്രാന്റെ അടുത്തു നിന്നും പോയ ശേഷം
എം പട്ടണത്തിൽ ആരംഭിച്ച ആഭരണ നിർമ്മാണ ശാലയിൽ അന്നാട്ടിലെ പാവപ്പെട്ടവർക്ക് തൊഴിൽ നൽകി അവരുടെ ദാരിദ്ര്യം മാറ്റുകയും, ഫന്തീൻ എന്ന പാവപ്പെട്ട വിധവയുടെ മകളെ തനാർദിയർ എന്ന ദുഷ്ടനിൽ നിന്നും രക്ഷിച്ച് സ്വന്തം മകളെ പോലെ വളർത്തുകയും, ഒരു ചാരനെ പോലെ തന്നെ പിന്തുടർന്ന ഴാവേർ എന്ന പോലീസുകാരനെ മരണത്തിൽ നിന്നും രക്ഷിക്കുകയും ചെയ്യുന്നുണ്ട് ഴാങ് വാൽ ഴാങ് .

■ ഇങ്ങനെ പാവങ്ങളിലെ കഥാപാത്രങ്ങൾ അവരുടെ ജീവിതം കൊണ്ടും അനുഭവം കൊണ്ടും വായനക്കാരനെ അത്ഭുതപ്പെടുത്തുന്നു.

- ആൽബേർ ഗ്ലത്തിഞ്ഞി - ഫ്രഞ്ച് സാഹിത്യ വിമർശകൻ

- പാവങ്ങൾ ഒരു പർവ്വതം പോലെയാണ്. അതിന്റെ ഭയാനകമായ വലുപ്പക്കാഴ്ച നമ്മെ ആന്തരികമായി തകർക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. പാവങ്ങളുടെ മുൻപിൽ നമ്മൾ കാൽമുട്ടിൽ വീഴുന്നു.

■വലുപ്പക്കാഴ്ച്ച

1 നോവലിന്റെ ഘടനാപരമായ വലുപ്പം
2 പാവങ്ങൾ എന്ന നോവലിൽ തെളിയുന്ന ജീവിതങ്ങളുടെ വലുപ്പം
■ ഫ്രാൻസിന്റെ ചരിത്രവും ഫ്രഞ്ച് വിപ്ലവത്തിന്റെ പോരാട്ട കഥകളും പാവപ്പെട്ട മനുഷ്യരുടെ ജീവിതവും നോവലിൽ ആഖ്യാനം ചെയ്യപ്പെടുന്നു.
■ മകളെ വളർത്താൻ തന്റെ മുൻവരിപ്പല്ലും മുടിയും മാനവും വിൽക്കേണ്ടി വന്ന ഫന്തീൻ എന്ന യുവതി.
ദാരിദ്ര്യം കൊണ്ട് യാചക വേഷം കെട്ടേണ്ടി വന്ന തെനാർദിയറുടെ പെൺ മക്കളായ എപ്പോണൈൻ , അസെൽമ എന്നിവർ .
അച്ഛനമ്മമാരാൽ ആട്ടിയോടിക്കപ്പെട്ട് തെരുവിൽ കഴിയേണ്ടി വരികയും പട്ടാളക്കാരുടെ വെടിയേറ്റ് മരിക്കുകയും ചെയ്ത തെനാർദിയറുടെ മകൻ ഗവ്രോഷ്.
മരിയൂസിന്റെയും കൊസത്തിന്റെയും പ്രണയം .
എപ്പോണൈന്റെ പ്രണയഭംഗം.

ഇങ്ങനെ വിചിത്രമായ ഒരുപാട് മനുഷ്യ ജീവിതങ്ങൾ പാവങ്ങളുടെ കഥയെ വൈവിധ്യപൂർണവും സമ്പന്നവുമാക്കുന്നു.

- ഇ ഹരികുമാർ - കഥാകൃത്ത്

- മനുഷ്യരാശിയെ വലയം ചെയ്ത അനേകം പ്രശ്നങ്ങളുടെയും സാമൂഹ്യ രംഗത്തെ എണ്ണമറ്റ രംഗങ്ങളുടെയും വർണചിത്രങ്ങളടങ്ങിയ ഈ പാശ്ചാത്യ മഹാഭാരതം , നോവൽ പ്രപഞ്ചത്തിലെ അത്ഭുത സൃഷ്ടിയാണ്.

■ മാനവ സ്നേഹം, കാരുണ്യം, മനുഷ്യന്റെ മഹാസങ്കടങ്ങൾ എന്നിവയുടെ ചിത്രീകരണം നോവലിനെ ഉദാത്തമാക്കുന്നു.

- എം മുകുന്ദൻ - എഴുത്തുകാരൻ

- ➢ എല്ലാ നോവലുകളുടെയും അമ്മയാണ് പാവങ്ങൾ.

▶ നോവലിനെ കുറിച്ച് പ്രശസ്ത എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ സംസാരിക്കുന്ന വീഡിയോ പ്രദർശിപ്പിച്ചു.

■ മനുഷ്യ ജീവിതത്തിന്റെ അത്ഭുതകരവും വിചിത്രവുമായ പ്രഹേളികകൾ അനാവരണം ചെയ്ത നോവലാണ് പാവങ്ങൾ
■ സാഹിത്യാസ്വാദകർ നിർബന്ധമായും വായിച്ചിരിക്കേണ്ട പത്ത് പ്രാഥമിക നോവലുകളിൽ ഒന്നാണ് പാവങ്ങൾ .
■ വിശപ്പിന്റെ ആത്മീയതയെ കുറിച്ചും മനുഷ്യനെന്ന കേവലനായ പ്രാണിയെ കുറിച്ചും നോവൽ നമുക്ക പറഞ്ഞു തരുന്നു.

😍 തന്റെ നോവലിനെ കുറിച്ച് വിക്ടർ ഹ്യൂഗോ തന്നെ പറഞ്ഞ കാര്യങ്ങൾ വിശദമാക്കി.

- ➢ മനുഷ്യൻ അജ്ഞനും നിരാശനുമായി എവിടെയുണ്ട്. ഭക്ഷണത്തിന് വേണ്ടി സ്ത്രീകൾ എവിടെ വിൽക്കപ്പെടുന്നു. അറിവുണ്ടാക്കാനുള്ള ഗ്രന്ഥവും തണുപ്പ മാറ്റാനുള്ള അടുപ്പും കിട്ടാതെ കുട്ടികൾ എവിടെ കഷ്ടപ്പെടുന്നു. അവിടെയെല്ലാം 'പാവങ്ങൾ' എന്ന പുസ്തകം വാതിൽക്കൽ മുട്ടി വിളിച്ചു പറയും , എനിക്കു വാതിൽ തുറന്നു തരിക. ഞാൻ വരുന്നത് നിങ്ങളെ കാണാനാണ്.

■ ഹ്യൂഗോയുടെ വാക്കുകൾ സാർത്ഥമാകും വിധം പാവങ്ങൾ ലോകത്തുള്ളിടത്തോളം കാലം 'പാവങ്ങൾ' എന്ന നോവലും പ്രസക്തമായിത്തീരും.

▶ വിക്ടർ ഹ്യൂഗോ എന്ന എഴുത്തുകാരനെ പരിചയപ്പെടുത്തി.

■ 1802 - 1885 - ജീവിത കാലം
■ പൂർണമായ പേര് - വിക്ടർ മറി ഹ്യൂഗോ
■ ജനനം - ഫ്രാൻസിലെ ബെസാൽ ഡോൺ നഗരത്തിൽ
■ കവി, നാടകകൃത്ത്, ചിത്രകാരൻ, നോവലിസ്റ്റ്
■ മനുഷ്യാവകാശ പ്രവർത്തകൻ
■നെപ്പോളിയന്റെ ഏകാധിപത്യ പ്രവണതയെ ചോദ്യം ചെയ്തു.
■ വോട്ടവകാശത്തിനു വേണ്ടിയും വധശിക്ഷയ്ക്കെതിരായും വാദിച്ചു.
■ ഫ്രഞ്ച് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.
■ പാവങ്ങൾ പ്രസിദ്ധീകരിച്ചത് - 1862 ൽ
■ പ്രധാന കൃതികൾ

നോത്രദാമിലെ കൂനൻ
നെപ്പോളിയൻ ദ ലിറ്റിൽ
സ്റ്റോറി ഓഫ് എ ക്രൈം
ദ മാൻ ഹു ലാഫ്ഡ്
ടോയ്ലേഴ്സ് ഓഫ് ദ സീ.

▶ പാവങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത നാലാപ്പാട്ട് നാരായണമേനോനെ പരിചയപ്പെടുത്തി.

■ പ്രധാന കൃതികൾ :
കണ്ണുനീർ തുള്ളി - വിലാപകാവ്യം
ലൈറ്റ് ഓഫ് ഏഷ്യ-പൗരസ്ത്യ ദീപം (വിവർത്തനം)
രതിസാമ്രാജ്യം - സ്വതന്ത്ര്യ കൃതി.

▶ യൂണിറ്റിനെ സമഗ്രമായി വിലയിരുത്തി.

മൂന്ന് പാഠഭാഗങ്ങളും വിവർത്തനങ്ങളാണെന്ന വസ്തുത ചൂണ്ടിക്കാട്ടി.

▶ എന്താണ് വിവർത്തനം എന്ന് വിശദീകരിച്ചു.

■ ഒരു ഭാഷയിലെ വാക്കോ വാക്യങ്ങളോ മറ്റൊരു ഭാഷയിൽ ആവിഷ്കരിക്കുന്നത്.

▶ വിവിധ തരം വിവർത്തനങ്ങൾ പരിചയപ്പെടുത്തി.

■ പദാനുപദ വിവർത്തനം
■ സ്വതന്ത്ര്യ വിവർത്തനം
■ ആശയാനുവാദ വിവർത്തനം.

■ വിവർത്തനത്തിന് തിരഞ്ഞെടുക്കുന്ന കൃതിയെ മൂലകൃതിയെന്നും വിവർത്തനത്തിലൂടെ ലഭിക്കുന്ന കൃതിയെ ലക്ഷ്യ കൃതിയെന്നും വിളിക്കുന്നു.

■ വിവർത്തനത്തിന് പറയുന്ന മറ്റ് പേരുകൾ -

തർജ്ജിമ
ഭാഷാന്തരം
പരിഭാഷ
മൊഴിമാറ്റം

■ ഭാഷ മാത്രമല്ല കൃതിയിൽ തെളിയുന്ന നാടിന്റെ സംസ്കാരം, ജീവിത രീതി, ആചാര വിശ്വാസങ്ങൾ, മനുഷ്യ ബന്ധങ്ങളിലെ സവിശേഷത എന്നിവ കൂടി വ വിവർത്തന കൃതികൾ വഴി കൈമാറ്റം ചെയ്യപ്പെടുന്നു.

▶ സാഹിത്യ ലോകം പൊതുവിൽ അംഗീകരിക്കപ്പെട്ട പദാനുപദ പരിഭാഷയ്ക്ക് ഉദാഹരണമായി , കേരള വ്യാസൻ  കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മഹാഭാരത വിവർത്തനം (ഭാഷാ ഭാരതം ) ചൂണ്ടിക്കാട്ടി .

▶ യൂണിറ്റ് തലവാചകം
 -കാലാതീതം കാവ്യവിസ്മയം- അപഗ്രഥന വിധേയമാക്കി.

■ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും കാല ദേശങ്ങൾക്കതീതമായി ആസ്വദിക്കപ്പെടുന്നവയാണ് യൂണിറ്റിലെ മൂന്ന് പാഠഭാഗങ്ങൾ ഉൾക്കൊള്ളുന്ന കൃതികളും.

▶ പാവങ്ങൾ വായിക്കാനും പാവങ്ങളെ അധികരിച്ച് സൃഷ്ടിക്കപ്പെട്ട സിനിമകൾ നാടകങ്ങൾ എന്നിവ കാണാനും കുട്ടികളോട് നിർദേശിച്ചു.

തുടർപ്രവർത്തനങ്ങൾ -

1. 'പാവങ്ങൾ നോവൽ പ്രപഞ്ചത്തിലെ നിത്യ വിസ്മയം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. അവ സമാഹരിച്ച് ഡിജിറ്റൽ പതിപ്പാക്കുക.

2. കാലാതീതം കാവ്യ വിസ്മയം എന്ന യൂണിറ്റ് ശീർഷകത്തിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക ?

തയ്യാറാക്കിയത് : 2വാസ് മന്നൻ , HST(MAL)
GHSS ര്ശീകണ്ഠ      രം.